## ഭാഷാസാഹിത്യപഠനത്തിന്റെ പൊതു ഉദ്ദേശ്യങ്ങൾ

### I. വൈജ്ഞാനികതലം (Cognitive Domain)

1. ഭാഷയെയും സാഹിത്യത്തെയും കുറിച്ച് കാലം, ചരിത്രം, ദേശം, പ്രവണതകൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും കാവ്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിലും ആഴത്തിൽ ധാരണനേടുന്നതിന്.
2. അറിവിനെ ബഹുവൈജ്ഞാനിക (Multi Disciplinary) മായും അന്തർവൈജ്ഞാനിക (Inter Disciplinary) മായും നോക്കിക്കാണുന്നതിനും സ്വായത്തമാക്കുന്നതിനും.
3. വിജ്ഞാനത്തിന്റെ സ്വാംശീകരണം, സംരക്ഷണം, വിതരണം, വിമർശനം, നവീകരണം എന്നിവ ഫലപ്രദമായി നിർവഹിക്കുന്നതിന്.
4. ശാസ്ത്രീയാന്വേഷണത്തിന്റെ പ്രക്രിയകൾ സ്വാംശീകരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും.
5. സാഹിത്യസൃഷ്ടികളെ വിശകലനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും.
6. ചുറ്റുമുള്ള വ്യവഹാരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിന്.
7. സ്വതന്ത്രവും വിമർശനാത്മകവുമായ ചിന്തയെ വികസിപ്പിക്കുന്നതിന്.
8. ഔപചാരികവും അനൗപചാരികവുമായ വിവിധ ഭാഷാവ്യവഹാരങ്ങളിൽ സൂക്ഷ്മമായി ധാരണ നേടുന്നതിനും പ്രായോഗിക പരിചയം നേടുന്നതിനും.
9. മലയാള ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ വിശകലനം ചെയ്യുന്നതിന് ആവശ്യമായ സംസ്കാരിക പഠനത്തിന്റെ രീതിശാസ്ത്രവും സിദ്ധാന്തവും സാമാന്യമായി പരിചയപ്പെടൽ.
10. മലയാളഭാഷയ്ക്കും സാഹിത്യത്തിനും കാലഘട്ടങ്ങളിലൂടെ സംഭവിച്ച പരിണാമങ്ങളെ സാംസ്കാരിക പരിപ്രേഷ്യത്തിൽ മനസ്സിലാക്കൽ.
11. സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങളെ സാമാന്യമായി പരിചയപ്പെടുന്നതിന്.
12. കേരളത്തിലെ കലാരൂപങ്ങളെയും അവയുടെ സാംസ്കാരികപ്രാധാന്യത്തെയും തിരിച്ചറിയുന്നതിന്.
13. മലയാളഭാഷയുടെ വ്യാകരണനിയമങ്ങൾ മനസ്സിലാക്കുന്നതിനും ഭാഷാപ്രയോഗങ്ങളിൽ അവ പാലിക്കുന്നതിനും.
14. ആധുനിക ഭാഷാശാസ്ത്രത്തിന്റെ സാമാന്യസങ്കല്പങ്ങളെ സംബന്ധിച്ച് ധാരണ നേടുന്നതിന്.
15. മലയാളസാഹിത്യവിമർശനത്തിന്റെ ചരിത്രവും വേറിട്ടവഴികളും വിമർശനാത്മകമായി വിലയിരുത്തുന്നതിന്.
16. ഗദ്യസാഹിത്യത്തിന്റെ വഴികളും രൂപവൈവിധ്യവും സംബന്ധിച്ച് ധാരണ നേടുന്നതിന്.
17. ദൃശ്യ, ശ്രാവ്യ, അച്ചടി - മാധ്യമങ്ങളെ ആശ്രയിച്ചുള്ള ഭാഷാവ്യവഹാരങ്ങളിൽ ധാരണ നേടുന്നതിന്.
18. കലകളുടെ രൂപപ്പെടൽ, വികാസം, എന്നിവയുടെ ചരിത്ര,പ്രത്യയശാസ്ത്ര പരിസരങ്ങളെപ്പറ്റി ധാരണ വികസിപ്പിക്കൽ.

19. സ്ത്രീയവസ്ഥകൾ, സ്ത്രീമുന്നേറ്റങ്ങൾ, ചരിത്രഘട്ടങ്ങൾ, സൈദ്ധാന്തിക പരിസരം, ലിംഗപദവി, ലൈംഗികാഭിമുഖ്യം, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവ സംബന്ധിച്ച് ധാരണനേടുന്നതിന്.
20. ദളിത്ഭാഷാസാഹിത്യപാരമ്പര്യത്തിന്റെ സാംസ്കാരിക പ്രാധാന്യം ഉൾക്കൊള്ളുന്നതിന്.
21. വിവർത്തനത്തിന്റെ സാദ്ധ്യത, പ്രസക്തി, സർഗാത്മകത, സിദ്ധാന്തം എന്നിവ സംബന്ധിച്ച് ധാരണ നേടുന്നതിന്.

## II. നൈപുണിതലം (Psycho-motor Domain)

1. കേട്ടും വായിച്ചും അനായാസം ആശയധാരണ നേടുന്നതിനും ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിൽ ഭാഷശക്തമായി ഉപയോഗിക്കുന്നതിനും ശക്തമായും ഫലപ്രദമായും സർഗാത്മകമായും ഭാഷ എഴുതി പ്രകടിപ്പിക്കാൻ കഴിയുന്ന വിധത്തിൽ തനതായ ശൈലി വികസിപ്പിക്കുന്നതിനും.
2. സർഗാത്മകരചനകളിൽ ഏർപെടുന്നതിനും രചനകളിലെ സർഗാത്മകത തിരിച്ചറിയുന്നതിനും.
3. വിവിധ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പഠിതാക്കൾക്ക് അവരുടെ ജ്ഞാനത്തെ മാതൃഭാഷയുമായി ബന്ധിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
4. കമ്പ്യൂട്ടിംഗ്, വെബ് ഡിസൈനിംഗ്, പത്രം, ബ്ലോഗ് എന്നിവ മാതൃഭാഷയിൽ ആവിഷ്കരിക്കാനുള്ള വൈദഗ്ദ്ധ്യം നേടുന്നതിനും ഭാഷാപോഷണത്തിൽ ഏർപെടുന്നതിനും.
5. ഉയർന്ന ചിന്താപ്രക്രിയക്ക് അവസരം ലഭിക്കുന്നതിലൂടെ അപഗ്രഥന, ഉദ്ഗ്രഥന, വിലയിരുത്തൽ നൈപുണികൾ വികസിപ്പിക്കുന്നതിന്.
6. കേരളത്തിന്റെ സാംസ്കാരികവ്യതിരിക്തതകളെ തിരിച്ചറിയുന്നതിനും അഭിലഷണീയമായ രീതിയിൽ പുനർനിർമ്മിക്കുന്നതിനുമുള്ള ശേഷി കൈവരിക്കുന്നതിനും.
7. ലാംഗ്വേജ് ലാബ് പോലുള്ള ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ സൈദ്ധാന്തികവും പ്രായോഗികവുമായ ഭാഷാനൈപുണികൾ വികസിപ്പിക്കുന്നതിന്.
8. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുന്നതിന്.

## III. വൈകാരികതലം (Affective Domain)

1. മാതൃഭാഷയെക്കുറിച്ച് അഭിമാനം കൊള്ളുന്നതിനും അതിനുവേണ്ടി നിലകൊള്ളുന്നതിനും.
2. മലയാളിയുടെ സംസ്കാരത്തോടും പൈതൃകത്തോടും ആദരവ്, ബഹുമാനം എന്നിവ ഉണ്ടാകുന്നതിന്.
3. പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും കഴിയുന്നിടത്തോളം പ്രകൃതിയോടിണങ്ങി ജീവിക്കാനുമുള്ള അറിവും നൈപുണിയും മനോഭാവവും ഉണ്ടാകുന്നതിന്.
4. സാഹിത്യപഠനത്തിലൂടെ ഭാഷയുടെസൗന്ദര്യാത്മകവും സാംസ്കാരികവും വൈകാരികവുമായ തലങ്ങൾ ആർജ്ജിക്കുന്നതിന്.

5. കൊള്ളകൊടുക്കലിലൂടെ ഭാഷയെ സമ്പന്നമാക്കുന്നതിനുള്ള മനോഭാവവും ശേഷിയും വളരുന്നതിന്.
6. സാഹിത്യകാരന്മാരെ ആദരിക്കുന്നതിനും സാഹിത്യസൃഷ്ടികൾ ആസ്വദിക്കുന്നതിനുമുള്ള മനോഭാവം വളരുന്നതിന്.
7. ഭാഷാവിവേചനങ്ങൾക്കെതിരെ ക്രിയാത്മകമായി ഇടപെടുന്നതിന്.
8. സ്വന്തം ഭാഷയോടും സംസ്കാരത്തോടും ജ്ഞാനവ്യവസ്ഥയോടും ഉള്ള താൽപര്യം സാഹിത്യാസ്വാദനം വഴി വികസിപ്പിക്കുന്നതിന്.
9. പിതൃകേന്ദ്രീകൃത, ആണധികാര സ്ഥാപിതമൂല്യങ്ങളിലെ വിവേചനം തിരിച്ചറിയുന്നതിനും അവയെ പുനർനിർണയിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനുമുള്ള മനോഭാവം.
10. ദളിത്, ന്യൂനപക്ഷ കലാസാഹിത്യ ഭാഷാപാരമ്പര്യങ്ങളുടെ സംസ്കാരിക പ്രാധാന്യം തിരിച്ചറിഞ്ഞ് അവയ്ക്കുവേണ്ടി നിലകൊള്ളുന്നതിനും അവരോടൊപ്പം പ്രവർത്തിക്കുന്നതിനുമുള്ള മനോഭാവം.
11. മാധ്യമരംഗത്തെ അനാരോഗ്യപ്രവണതകൾക്കെതിരെ നിലപാടെടുക്കുന്നതിനും നിലകൊള്ളുന്നതിനമുള്ള മനോഭാവം.
12. ലോകജനതയേയും സാഹിത്യത്തേയും വിവർത്തന താരതമ്യ പഠനങ്ങളിലൂടെ മനസ്സിലാക്കുന്നതിലൂടെ വിശ്വമാനവികതയിലേക്കുയർന്ന് ചിന്തിക്കാനും നിലപാടെടുക്കാനും കഴിയൽ.

## IV. സാമൂഹിക തലം (Social Domain)

1. വൈകാരികവും സൗന്ദര്യാത്മകവുമായ ജ്ഞാനാർജനത്തിലൂടെ മികച്ച വ്യക്തിജീവിതവും സമൂഹജീവിതവും സാദ്ധ്യമാക്കുന്നതിന്.
2. നല്ല മാനസികാരോഗ്യവും കായികാരോഗ്യവും നേടി ഉന്നത സാമൂഹ്യജീവിതം സാദ്ധ്യമാക്കുന്നതിന്.
3. തുല്യത, സാമൂഹ്യനീതി, സ്വാതന്ത്ര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ചുറ്റുപാടുമുള്ള വ്യവഹാരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനും മാനവികമായ നിലപാടുകൾ സ്വീകരിച്ച് ശക്തമായി ഇടപെടുന്നതിനും.
4. സഹകരണാത്മക, സഹവർത്തിത പഠനപ്രവർത്തനങ്ങളിൽ ഏർപെടുന്നതിനും സാമൂഹികഗുണങ്ങൾ ആർജിക്കുന്നതിനും സ്വന്തംവികാസത്തിനും മറ്റുള്ളവരുടെ ഉയർച്ചയ്ക്കും കാരണമാകുന്നതിനും.
5. സാഹിത്യത്തിനും സാംസ്കാരികഉന്നമനത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള വിവിധ കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിന്, പങ്കെടുക്കുന്നതിന്, നേതൃത്വപരമായ പങ്കുവഹിക്കുന്നതിന്.
6. സർഗാത്മകമായ കഴിവുകളെ സാമൂഹികോന്നമനത്തിന് പ്രയോജനപ്പെടുത്തുന്നതിന്.